"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ജില്ലയിലെ എടത്തനാട്ടുകര ഓർഫനേജ് സ്കൂളിലെ ശ്രീമതി. നാസിമ.കെ.പി., യു.പി.എസ്.ടി. യുടെ നിയമനാംഗീകാരം സംബന്ധിച്ച് സ്കൂൾ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.10360/2025/GEDN തീയതി,തിരുവനന്തപുരം, 19-12-2025

---

പരാമർശം:-

1. പാലക്കാട് എടത്തനാട്ടുകര ഓർഫനേജ് സ്കൂൾ മാനേജർ ശ്രീ. അബൂബക്കർ സമർപ്പിച്ച 13/03/2025 തീയതി റിവിഷൻ ഹർജി.
2. മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 11/07/2025 തീയതിയിലെ AEOMRD/862/2025-C തീയതി കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17/07/2025 തീയതിയിലെ DGE/13849/2025-G6 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ എടത്തനാട്ടുകര ഓർഫനേജ് സ്കൂളിലെ ശ്രീമതി. നാസിമ കെ.പി., യു.പി.എസ്.ടി - യുടെ നിയമനാംഗീകാരം സംബന്ധിച്ച് എടത്തനാട്ടുകര ഓർഫനേജ് സ്കൂൾസ് മാനേജർ ശ്രീ. പി. അബൂബക്കർ സർക്കാർ മുൻപാകെ പരാമർശം (1) റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു. ടി ഹർജി പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട കക്ഷികൾ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുമായി 14/07/2025 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖേന കൂടിക്കാഴ്ച നടത്തുകയുണ്ടായി.

2. **ഹർജിക്കാരുടെ വാദം താഴെ പറയും പ്രകാരം ആയിരുന്നു :**

പാലക്കാട് എടത്തനാട്ടുകര ഓർഫനേജ് സ്കൂളിലെ യു.പി.എസ്.ടി ആയ ശ്രീമതി. ഇന്ദിര എൻ.കെ. 31/03/2022 ന് വിരമിച്ച ഒഴിവിൽ 01/06/2022 മുതൽ ശ്രീമതി നാസിമ കെ.പി. യെ യു.പി.എസ്.ടി ആയി നിയമിച്ചു. ഈ നിയമനം ഉത്തരവ് നമ്പർ സി/29008/2022 തിയ്യതി 02/10/2023 പ്രകാരം ഭിന്നശേഷി ഉദ്യോഗാർഥി ജോലിയിൽ പ്രവേശിക്കുന്നതുവരെ താൽക്കാലികമായി ദിവസ വേതനാടിസ്ഥാനത്തിൽ മണ്ണാർക്കാട് എ.ഇ.ഒ അംഗീകരിച്ചു.

ഭിന്നശേഷി ഉദ്യോഗാർഥിയായ ശ്രീ സനൽകുമാർ വി.പി. 04/01/2024 ന് നിയമിക്കപ്പെട്ടു. ഭിന്നശേഷി ഉദ്യോഗാർഥി ജോലിയിൽ പ്രവേശിച്ചതിനാൽ ശ്രീമതി. നാസിമ കെ.പി.ക്ക് പുറത്തുപോകേണ്ട സാഹചര്യം ഉണ്ടായി. ആയതിനാൽ അപ്പോൾ ഒഴിവുണ്ടായിരുന്ന, 01/10/2022 മുതൽ അനുവദിച്ച അധിക യു.പി.എസ്.ടി തസ്തികയിലേക്ക് ശ്രീമതി. നാസിമ കെ.പി യെ 04/01/2024 മുതൽ മാറ്റി നിയമിച്ചു. ഈ നിയമനം അധിക തസ്തികയിൽ 1:1

അനുപാതം പാലിച്ചില്ല എന്ന കാരണത്താൽ ഉത്തരവ് നമ്പർ സി/60026/2004 തിയ്യതി 14.3.2024 പ്രകാരം മണ്ണാർക്കാട് എ.ഇ.ഒ നിരസിച്ചു.

ഇതിനെതിരെ മണ്ണാർക്കാട് ഡി.ഇ.ഒ ക്ക് അപ്പീൽ നൽകി. അപ്പീലിൽ ജി.ഒ.(പി) 29/2023/പൊ.വി.വ തിയ്യതി 24/03/2023 ഉത്തരവിലെ ഖണ്ഡിക 2 (iv) അനുസരിച്ച് നിയമനം അംഗീകരിക്കുന്നതിനുള്ള ഉത്തരവ് നൽകണമെന്ന് അഭ്യർഥിച്ചിരുന്നു. എന്നാൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവർക്ക് ഇത് ബാധകമല്ലെന്ന് കാണിച്ച് ഉത്തരവ് നമ്പർ ബി1/716771/2024 തിയ്യതി 12/06/2024 പ്രകാരം മണ്ണാർക്കാട് ഡി.ഇ.ഒ അപ്പീൽ നിരസിച്ചു. തുടർന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ അപ്പീൽ നൽകി. ജി1/757005/2024 തിയ്യതി 25.2.2025 പ്രകാരം ഇതും നിരസിക്കപ്പെട്ടു.

ശ്രീമതി നാസിമ. കെ.പി. യെ റിട്ടയർമെന്റ് ഒഴിവിലാണ് നിയമിച്ചത്. ഭിന്നശേഷി സംവരണം പാലിക്കേണ്ടതില്ലായിരുന്നു എങ്കിൽ ശ്രീമതി നാസിമ കെ.പി യുടെ നിയമനം നിയമന തീയതി മുതൽ റഗുലറായി അംഗീകരിക്കപ്പെടുമായിരുന്നു. ഭിന്നശേഷി നിയമനം നടത്തേണ്ടിവന്നതിനാലാണ് ശ്രീമതി നാസിമ കെ.പി. ക്ക് പുറത്തുപോകേണ്ട സാഹചര്യം ഉണ്ടായത്.

01/06/2022 മുതൽ ശ്രീമതി നാസിമ കെ.പി. - യുടെ നിയമനം താൽക്കാലികമായി ദിവസ വേതനാടിസ്ഥാനത്തിൽ മണ്ണാർക്കാട് എ.ഇ.ഒ അനുവദിച്ചിട്ടുണ്ട്. ഭിന്നശേഷി നിയമനം നടത്തേണ്ടിവന്നത് മൂലം പുറത്തുപോകേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കാനാണ് ജി.ഒ.(പി) 29/2023/പൊ.വി.വ തിയതി 24/03/2023 എന്ന ഉത്തരവിൽ ഇത്തരക്കാർക്ക് കെ.ഇ.ആർ അദ്ധ്യായം 14 എ റൂൾ 51 എ പ്രകാരമുള്ള ആനുകൂല്യം നൽകിയത്. ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം അംഗീകരിച്ചത് സാങ്കേതികമായി മാത്രമാണ്. അവധി ഒഴിവിലെ ദിവസ വേതനാടിസ്ഥാനത്തിലെ നിയമനം പോലെയല്ല ഇത് കണക്കാക്കേണ്ടത്. ഭിന്നശേഷി നിയമനം നടത്തേണ്ടിവന്നത് മൂലം പുറത്തുപോകേണ്ടി വരുന്നവരെ അക്കോമഡേറ്റ് ചെയ്യുക എന്ന സദ്ദേശത്തിലാണ് കെ.ഇ.ആർ അദ്ധ്യായം 14 എ റൂൾ 51 എ പ്രകാരമുള്ള ആനുകൂല്യം ഇവർക്ക് നൽകിയിട്ടുള്ളത്.

ഭിന്നശേഷി നിയമനം നടത്തിയ സ്കൂളുകളിലെ മറ്റ് നിയമനങ്ങൾ റഗുലറായി ക്രമീകരിക്കാൻ ഡി.ജി.ഇ/15133/2023-എച്ച്2-പാർട്ട് (1) തിയ്യതി 22/2/2025 നമ്പർ സർക്കുലറിൽ ഡി.ജി.ഇ നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് ശ്രീമതി നാസിമ കെ.പി യുടെ നിയമനം 01/06/2022 മുതൽ റഗുലറായി അംഗീകരിക്കേണ്ടതുണ്ട്. ശ്രീമതി നാസിമ കെ.പി ജി.ഒ.(പി) 29/2023/പൊ.വി.വ തിയതി 24/03/2023 എന്ന ഉത്തരവിന്റെ ആനുകൂല്യങ്ങൾക്ക് അർഹയാണ്.

മേൽ വസ്തുതകൾ പരിഗണിച്ച് ശ്രീമതി നാസിമ കെ.പി. യുടെ നിയമനം 01/06/2022 മുതൽ ശ്രീമതി ഇന്ദിര എൻ.കെ 31/03/2022 ന് വിരമിച്ച ഒഴിവിലും 04/01/2024 മുതൽ 2022-23 വർഷം അനുവദിച്ച അധിക യു.പി.എസ്.ടി തസ്തികയിലും ശമ്പള സ്കെയിലിൽ റഗുലറായി അംഗീകരിക്കുന്നതിനുള്ള ഉത്തരവ് നൽകണമെന്ന് അഭ്യർഥിക്കുന്നു.

**3. പൊതുവിദ്യാഭ്യാസ വകുപ്പ് ഓഫീസർമാർ താഴെപ്പറയും പ്രകാരം വാദിച്ചു :**

പാലക്കാട് മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലെ എടത്തനാട്ടുകര ടി.എ.എം.യു.പി. സ്കൂൾ മാനേജർ ടി സ്കൂളിൽ 01/10/2022 ന് അനുവദിച്ച UPST അധിക തസ്തികയിൽ ശ്രീമതി നാസിമ കെ. പി. യെ നിയമിച്ചിരുന്നു. കെ.ഇ.ആർ അദ്ധ്യായം 21 ചട്ടം 7 (2) പ്രകാരം 29/01/2016 മുതലുള്ള അധിക തസ്തികയിലെ നിയമനങ്ങൾക്ക് 1:1 അനുപാതം പാലിക്കേണ്ടതുണ്ട്. ആയത് പാലിച്ചിട്ടില്ലാത്തതിനാൽ ടി നിയമനം പരിഗണിക്കാൻ നിർവ്വാഹമില്ല. കൂടാതെ 2019-20 ന ശേഷം അധിക തസ്തികകളിലെ നിയമനം അംഗീകരിക്കുന്നതിന് നിലവിൽ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല എന്നീ കാരണങ്ങളാൽ മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് നമ്പർ C/60026/2024 തീയതി 14/03/2024 പ്രകാരം പ്രൊപ്പോസൽ നിരസിക്കുകയുണ്ടായി.

പ്രസ്തുത നിയമനം സംബന്ധിച്ച് സ്കൂൾ മാനേജർ മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ അപ്പീൽ സമർപ്പിച്ചിരുന്നു. എന്നാൽ ആയത് ഉത്തരവ് നമ്പർ B1/716771/2024 തീയതി 12/06/2024 പ്രകാരം മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ചുവടെ ചേർത്ത കാരണങ്ങളാൽ നിരസിക്കുകയുണ്ടായി.

എടത്തനാട്ടുകര ടി.എ.എം.യു.പി സ്കൂളിലെ യു.പി.എസ്.ടി ആയ ശ്രീമതി. ഇന്ദിര.എൻ.കെ 31/03/2022 ന് വിരമിച്ച ഒഴിവിലേക്കാണ് ശ്രീമതി.നാസിമ കെ.പി.യെ 01/06/2022 മുതൽ മാനേജർ നിയമിച്ചിരുന്നത്. ടി നിയമനം 01/06/2022 മുതൽ ഭിന്നശേഷി ഉദ്യോഗാർത്ഥി സേവനത്തിൽ പ്രവേശിക്കുന്നത് വരെ താത്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് നമ്പർ C/29008/2022 തീയതി 02/10/2023 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ടി തസ്തികയിൽ ഭിന്നശേഷ ഉദ്യോഗാർത്ഥിയായ ശ്രീ. സനൽകുമാർ.വി ക്ക് 04/01/2024 മുതൽ നിയമനം നൽകിയതിനാൽ ശ്രീമതി. നാസിമ കെ.പി ക്ക് ആ തസ്തികയിൽ നിന്നും മാറിനിൽക്കേണ്ടതായി വന്നു. ആയതിനാൽ ശ്രീമതി.നാസിമ കെ.പി യെ 51 A അവകാശിയായി പരിഗണിച്ച് അധിക തസ്തികയിൽ നിയമനത്തിന് 1:1 ബാധകമാക്കാതെ അംഗീകരിച്ച നൽകണമെന്നാണ് മാനേജർ അപ്പീലിലൂടെ ആവശ്യപ്പെട്ടിട്ടുള്ളത്. സർക്കാർ ഉത്തരവ് (കൈ) നമ്പർ 29/2023/GEDN പ്രകാരം ഭിന്നശേഷി സംവരണം പാലിക്കുന്നതുമായി ബന്ധപ്പെട്ട് ശമ്പള സ്കെയിലിൽ താത്കാലിക നിയമനം അംഗീകരിച്ച അവകാശിയായി പരിഗണിക്കാൻ നിർദേശിച്ചിട്ടുള്ളത്. ശ്രീമതി.നാസിമ കെ.പി. യുടെ നിയമനം, ദിവസ വേതനടിസ്ഥാനത്തിൽ ആയതിനാൽ 51 A അവകാശിയായി പരിഗണിക്കേണ്ടതില്ലാത്തതിനാൽ അപ്പീൽ നിരസിച്ച് നൽകിയിരുന്നു. നിരസിച്ച ഉത്തരവിനെതിരെ ബന്ധപ്പെട്ട സ്കൂൾ മാനേജർ ഈ കാര്യാലയത്തിൽ അപ്പീൽ സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത റിവിഷൻ അപ്പിൽ ഉത്തരവ് നമ്പർ G1/757005/2024 തീയതി 25/02/2025 പ്രകാരം നിരസിച്ച് ഉത്തരവായിരുന്നു.

അധിക തസ്തികയിലെ നിയമനങ്ങൾക്ക് 1:1 അനുപാതം പാലിക്കേണ്ടതുണ്ട്. എന്നാൽ ഈ വിഷയത്തിൽ മാനേജർ ആയത് നാളിതുവരെ പാലിച്ചിട്ടില്ല. ആയതിനാൽ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള പുന പരിശോധന ഹർജി അനുവദിക്കേണ്ടതില്ല എന്നു ശുപാർശ ചെയ്യുന്നു.

**4.** സർക്കാർ ഈ വിഷയം ഹർജിക്കാരിയുടെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

എടത്തനാട്ടുകര ടി.എ.എം.യു.പി. സ്കൂളിലെ യു.പി.എസ്.ടി. ആയിരുന്ന ശ്രീമതി. ഇന്ദിര.എൻ.കെ. 31/03/2022-ന് വിരമിച്ച ഒഴിവിൽ ശ്രീമതി.നാസിമ.കെ.പി.യെ 01/06/2022 മുതൽ മാനേജർ നിയമിച്ചു. ടി നിയമനം ഭിന്നശേഷി ഉദ്യോഗാർത്ഥി സേവനത്തിൽ പ്രവേശിക്കുന്നത് വരെ താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിലാണ് അംഗീകരിക്കപ്പെട്ടത്. തുടർന്ന്, 04/01/2024 തീയതിയിൽ ടി തസ്തികയിൽ ഭിന്നശേഷി ഉദ്യോഗാർത്ഥിയായ ശ്രീ. സനൽകുമാർ ജോലിയിൽ പ്രവേശിച്ചപ്പോൾ ശ്രീമതി. നാസിമ കെ.പി. തസ്തിക നഷ്ടപ്പെട്ട് പുറത്താവുകയും തുടർന്ന് ടിയാളെ 2022-23 വർഷം അനുവദിച്ച അധിക തസ്തികയിൽ 04/01/2024 മുതൽ നിയമിച്ച് പുതിയ നിയമന അപേക്ഷ മാനേജർ സമർപ്പിച്ചു. ടി അപേക്ഷ നിയമനത്തിൽ 1:1 അനുപാതം പാലിച്ചിട്ടില്ല എന്ന കാരണത്താൽ നിരസിക്കപ്പെട്ടു.

ശ്രീമതി. നാസിമ.കെ.പി. യുടെ നിയമനം 01/06/2022 മുതൽ ശ്രീമതി. ഇന്ദിര.എൻ.കെ. 31/03/2022ന് വിരമിച്ച ഒഴിവിലും 04/01/2024 മുതൽ 2022-23 വർഷം അനുവദിച്ച അധിക യു.പി.എസ്.റ്റി. ആയി അംഗീകരിക്കണമെന്നുള്ളതാണ് ഹർജിക്കാരുടെ ആവശ്യം. ഭിന്നശേഷി നിയമനം നടത്തിയ സ്കൂളുകളിലെ മറ്റു നിയമനങ്ങൾ റെഗുലറായി ക്രമീകരിക്കാൻ 15133/2023-എച്ച്2-പാർട്ട്(1) 22.02.2025 ആയിട്ടുള്ള സർക്കുലറിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം ശ്രീമതി. നാസിമ കെ.പി. യുടെ നിയമനം 01/06/2022 മുതൽ റെഗുലറായി അംഗീകരിക്കേണ്ടതുണ്ടെന്നും കൂടാതെ ശ്രീമതി. നാസിമ കെ.പി. ജി.ഒ.(പി)29/2023/പൊ.വി.വ. തീയതി 24/03/2023 ഉത്തരവിന്റെ പാര 9 പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കേണ്ടതാണെന്നും ആണ് ഹർജിക്കാർ വാദിക്കുന്നത്.

എന്നാൽ ഭിന്നശേഷി ഉദ്യോഗാർത്ഥിക്ക് വേണ്ടി മാറ്റിവച്ച ഒഴിവിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം അംഗീകരിക്കപ്പെട്ട ശ്രീമതി. നാസിമയ്ക്ക് ഭിന്നശേഷി ഉദ്യോഗാർത്ഥി സേവനത്തിൽ പ്രവേശിക്കുന്നതിനെ തുടർന്ന് തസ്തിക നഷ്ടപ്പെട്ട സാഹചര്യത്തിൽ 24/03/2023 ലെ ജി.ഒ.(പി)29/2023/പൊ.വി.വ. പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ തുടരുന്നവർക്ക് നൽകുന്ന ആനുകൂല്യത്തിന് അർഹത ഇല്ലെന്നാണ് പൊതുവിദ്യാഭ്യാസ ഓഫീസർമാരുടെ വാദം. കൂടാതെ 04.01.2024 മുതലുള്ള നിയമനത്തിന് 1:1 അനുപാതം പാലിച്ചിട്ടുമില്ല.

പൊതു വിദ്യാഭ്യാസ (ജെ.ആർ) വകുപ്പിന്റെ 11/05/2025 തീയതിയിലെ ജി.ഇ.-ജെ.ആർ1/502/2023/ജി.ഇ.ഡി.എൻ നം. പരിപത്രത്തിലെ രണ്ടാം ഖണ്ഡിക ഇപ്രകാരമാണ്,

"ഭിന്നശേഷിക്കാർക്കായി മാനേജർമാർ ഒഴിവുകൾ മാറ്റി വയ്ക്കുകയും എന്നാൽ അർഹരായ ഭിന്നശേഷിക്കാരെ ലഭിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ സ്കൂളുകളിൽ അധ്യയനം തടസ്സപ്പെടാതിരിക്കുന്നതിന് പ്രസ്തുത ഒഴിവുകളിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുവാൻ അനുമതി നൽകുന്നു. ഇതിനോടകം പ്രസ്തുത തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവർക്ക് അപ്പലേറ്റ് ഉത്തരവില്ലാതെ തന്നെ നിയമനാംഗീകാരവും ആനുകൂല്യങ്ങളും നല്കാവുന്നതാണ്. ഇപ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവർക്ക് അവർ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത കാലയളവ് മുൻകാല പ്രാബല്യത്തിൽ റഗുലറൈസ് ചെയ്യുന്നതിനോ

അതിനനുസരിച്ചുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനോ യാതൊരു വിധ അവകാശങ്ങളും ഉണ്ടായിരിക്കുന്നതല്ല ".

24.03.2023 ലെ ജി.ഒ.(പി) നമ്പർ. 29/2023 പാരാ (9) പ്രകാരം 08/11/2021 - ന ശേഷമുണ്ടായ ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകേണ്ടതും ഭിന്നശേഷി സംവരണം പാലിക്കപ്പെടുന്ന മുറയ്ക്ക് അത്തരം സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ തുടരുന്നവരെ അവരുടെ നിയമന തീയതി മുതൽ റെഗുലറായി ക്രമീകരിക്കാവുന്നതാണ് എന്ന് ഉത്തരവായിട്ടുണ്ട്. കൂടാതെ ടി ഉത്തരവിന്റെ പാരാ (5) പ്രകാരം ഭിന്നശേഷി സംവരണം പാലിക്കുന്ന മുറയ്ക്ക് പ്രസ്തുത കാറ്റഗറിയിൽ പ്രൊവിഷണലായി തുടരുന്ന മറ്റു നിയമനങ്ങൾ നിയമന തീയതി മുതൽ തന്നെ റെഗുലറൈസ് ചെയ്ത് നൽകാവുന്നതാണെന്നും ഉത്തരവായിട്ടുണ്ട്.

**5.** മേൽ സാഹചര്യത്തിൽ, പാലക്കാട് ജില്ലയിലെ എടത്തനാട്ടുകര ഓർഫനേജ് സ്കൂളിൽ 01/06/2022 മുതൽ ഭിന്നശേഷി ഉദ്യോഗാർഥിക്കു വേണ്ടി മാറ്റി വയ്ക്കപ്പെട്ട ഒഴിവിൽ താൽക്കാലികമായി ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ശ്രീമതി. നാസിമ.കെ.പി., യു.പി.എസ്.ടി. യുടെ നിയമനം, ടിയാൾ 01/06/2022 മുതൽ ഭിന്നശേഷി ഉദ്യോഗാർഥിക്കു വേണ്ടി മാറ്റി വയ്ക്കപ്പെട്ട ഒഴിവിൽ ജോലിചെയ്തിരിക്കുന്നതിനാൽ ദിവസവേതന അടിസ്ഥാനത്തിൽ മാത്രം അംഗീകരിക്കുവാൻ സാധിക്കുകയുള്ളൂ എന്നതിനാലും 2022-23 വർഷം അനുവദിച്ച അധിക തസ്തികയിൽ 04/01/2024 മുതൽ ഉള്ള നിയമനം 1:1 അനുപാതം പാലിച്ചു മാത്രമേ അംഗീകരിക്കുവാൻ സാധിക്കുകയുള്ളു എന്നതിനാലും ശ്രീമതി. നാസിമ കെ.പി. യുടെ നിയമനം 01/06/2022 മുതൽ ശ്രീമതി ഇന്ദിര എൻ.കെ 31/03/2022 ന് വിരമിച്ച ഒഴിവിലും 04/01/2024 മുതൽ 2022-23 വർഷം അനുവദിച്ച അധിക യു.പി.എസ്.ടി തസ്തികയിലും ശമ്പള സ്കെയിലിൽ റഗുലറായി നിയമനാംഗീകാരം നൽകണമെന്ന ആവശ്യം നിരസിച്ചു കൊണ്ട് എടത്തനാട്ടുകര ഓർഫനേജ് സ്കൂൾ മാനേജർ ശ്രീ.പി.അബൂബക്കർ സമർപ്പിച്ച ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പകർപ്പ് :

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ , പാലക്കാട്.
ജില്ല വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്, പാലക്കാട്.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്, പാലക്കാട്.
മാനേജർ , ടി.എ.എം.യു.പി. സ്കൂൾ, എടത്തനാട്ടുകര, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ & ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by

Meera S S

Date: 19-12-2025 17:22:54

സെക്ഷൻ ഓഫീസർ